(സി) പ്രസ്തുത പ്രവർത്തനങ്ങൾക്ക് അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പദ്ധതിക്കായി ഒരു കോടി രൂപയുടെ എസ്റ്റിമേറ്റ് കെ. എസ്. ആർ.ടി.സി.-യിൽ നിന്നും സമർപ്പിക്കുകയുണ്ടായി. ആയതിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

തൊട്ടിൽപ്പാലം ഡിപ്പോയ്ക്ക് ഡീസൽ പമ്പ്

289 (2033) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊട്ടിൽപ്പാലം കെ.എസ്.ആർ.ടി.സി. ഡിപ്പോയ്ക്ക് ഡീസൽപമ്പ് അനുവദിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഡീസൽ പമ്പ് ആരംഭിക്കുന്നതിനുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഡീസൽ പമ്പ് എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഡീസൽ പമ്പ് സ്ഥാപിക്കുന്നതിനാവശ്യമായ പ്രാഥമിക അംഗീകാരത്തിനായി ജോയിന്റ് കൺട്രോളർ ഓഫ് എസ്പ്ലോസീവ്സ്, ചെന്നൈയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഡീസൽ പമ്പ് നിർമ്മിക്കുന്നതാണ്.

ആർ. ടി. ഓഫീസുകളിലെ ഏജന്റുമാർ

290 (2034) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

•(എ) ആർ.ടി. ഓഫീസുകളിൽ ഏജന്റുമാരെ പ്രവേശിപ്പിക്കരുതെന്ന ഉത്തരവ് നിലവിലുണ്ടോ; എങ്കിൽ പ്രസ്തുത ഉത്തരവിന്റെ നമ്പറും തീയതിയും വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly